(സി) വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധനശാലയിൽ കീടനാശിനിയുടെ അവശിഷ്ടം പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്. പൊതു വിപണിയിൽ ലഭിക്കുന്ന പഴം പച്ചക്കറികളുടെ സാമ്പിൾ പരിശോധിച്ച് വിഷാംശം കൂടുതൽ ഉള്ളത്, പരിധിയ്ക്കു താഴെ വിഷാംശം ഉള്ളത്, പൂർണ്ണമായും വിഷരഹിതം എന്നീ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ച് റിപ്പോർട്ടുകൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന 'സേഫ് റ്റു ഈറ്റ് ' ഗവേഷണ പദ്ധതി കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ചേർന്ന് നടപ്പാക്കുന്നു. ഓരോ പച്ചക്കറിയിലും പഴവർഗ്ഗങ്ങളിലും കണ്ടെത്തിയ കീടനാശിനികളുടെ വിശദ വിവരങ്ങൾ അടങ്ങിയ 6 റിപ്പോർട്ടുകൾ kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ 'Reports & Manuals' എന്ന ലിങ്കിൽ ലഭ്യമാണ്. കൂടാതെ ഇറക്കുമതി ചെയ്യുന്ന പഴങ്ങളുടെയും പച്ചക്കറികളുടെയുമെല്ലാം ഗുണനിലവാരം ഭക്ഷ്യസുരക്ഷാ വകുപ്പും കമ്പോളത്തിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാറുണ്ട്.

(ഡി) വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധനശാലയിൽ നടത്തിയ പരിശോധനയിൽ അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് ചുവപ്പ് ചീര, പുതിനയില, കാരറ്റ്, പച്ചമുളക്, കറിവേപ്പില, വഴുതന, മല്ലിയില, പച്ച ചീര, സെലറി, കാപ്സിക്കം, വെള്ളരി, വെണ്ടയ്ക്ക, മുരിങ്ങയ്ക്ക, റാഡിഷ് (വെള്ള), റാഡിഷ് (ചുവപ്പ്), പാവയ്ക്ക, വറ്റൽമുളക്, മുളക്പൊടി, ഏലയ്ക്ക, ജീരകം എന്നീ സുഗന്ധ വ്യഞ്ജനങ്ങളിലുമായിരുന്നു. ഓരോ ഭക്ഷ്യ വസ്തുവിലും കണ്ടെത്തിയ വിഷാംശത്തിന്റെ വിശദ വിവരങ്ങളും, പരിധികളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിയമവിരുദ്ധ നിർമ്മാണങ്ങൾക്കെതിരെ നടപടി

7 (*127) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതി വാങ്ങാതെയും തീരദേശ മേഖലാ നിയന്ത്രണചട്ടങ്ങൾ ലംഘിച്ചും സംസ്ഥാനത്തെ തീരപ്രദേശങ്ങളിലും കായലുകളുടെ സമീപത്തും ഫ്ലാറ്റ് സമുച്ചയങ്ങൾ പടുത്തുയർത്തിയത് ആരൊക്കെയാണെന്ന് സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ഉണ്ട്. 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) സി & എ.ജി. റിപ്പോർട്ട് ഖണ്ഡിക 4.1.4.2 പ്രകാരം പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ അനുമതി വാങ്ങാതെയും തീരദേശമേഖലാ നിയന്ത്രണ ചട്ടങ്ങൾ ലംഘിച്ചും ചിലവന്നൂർ കായൽ തീരത്ത് താഴെ പറയുന്ന 19 കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട് :

ക്രമ നമ്പർ	പദ്ധതിയുടെ പേര്	കെട്ടിടങ്ങളുടെ എണ്ണം	നദീതീരത്തു നിന്നുള്ള നിർമ്മാണ സ്ഥലത്തിന്റെ ദൂരം (മീറ്ററിൽ)
1.	ഗ്യാലക്സി ഡവലപ്പേഴ്സ് (നാലു ബ്ലോക്കുകളിലുള്ള 13 നില കെട്ടിടം)	4	9.80
2.	ഹീര കൺസ്ട്രക്ഷൻസ് (18 നില കെട്ടിടം)	1	17.17
3.	അമ്പാടി റീടെയ്ൽസ് (9 നിലയുള്ള കെട്ടിടം)	1	60
4.	അമ്പാടി റീടെയ്ൽസ് (അടുക്കള റസ്റ്റോറന്റ്)	1	18.50
5.	ജ്യുവൽ ഹോംസ് (2 ബ്ലോക്കുകളിലുള്ള 10 നില കെട്ടിടം)	2	32.50
6.	ജ്യുവൽ ഹോംസ് (കാർ പോർച്ച്)	1	17.50
7.	എം.എ.യൂസഫലി (3 നില കെട്ടിടം)	1	10
8.	റെയ്ൻ ട്രീ റിയാംസ്	1	10
9.	ആബാദ് ലോട്ടസ്	1	16.30
10.	ബ്ലൂ ലഗൂൺ (വാട്ടർ ഫ്രണ്ട് എൻക്ലേവ്)	1	7.20
11.	മെസ്സേഴ്സ് അദേലി ബിൽഡേഴ്സ് & ഡെവലപേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡ് (5 ബ്ലോക്കുകളിലുള്ള 21 നില കെട്ടിടം)	5	27.54
		19 കെട്ടിടങ്ങൾ	

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെട്ടിട ഉടമകൾക്ക്, കേരളാ കോസ്റ്റൽ സോണൽ മാനേജ്മെന്റ് അതോറിറ്റിയിൽനിന്നും എൻ.ഒ.സി. ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999-ലെ വ്യവസ്ഥകൾ ക്കനുസരിച്ചും മറ്റ് വിവിധ നിയമവ്യവസ്ഥകളിൽ അനുശാസിക്കപ്പെട്ട നിബന്ധനകൾക്ക് അനുസൃതമായും മാത്രമാണ് സംസ്ഥാനത്ത് നഗരസഭാ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുന്നത്. നിയമ വിരുദ്ധമായും അംഗീകാരം കൂടാതെയും നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിലെ 406-ാം വകുപ്പിന് അനുസൃതമായി നോട്ടീസും താൽക്കാലിക ഉത്തരവും നൽകി കക്ഷികളെ നേരിൽ വിചാരണ ചെയ്ത് അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളാണ് കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർ സ്വീകരിച്ചു വരുന്നത്. 2014-ലെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂലൈസേഷൻ ഓഫ് അൺഔതറൈസ്ഡ് കൺസ്ട്രക്ഷൻ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കെ.എം.ബി.ആർ. 1999-ലെ സേഫ്റ്റി ആന്റ് സെക്യൂരിറ്റി വ്യവസ്ഥകളെ ബാധിക്കുന്നതും ടൗൺ പ്ലാനിംഗ് സ്കീമുകൾ, ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കോസ്റ്റൽ സോൺ റഗുലേഷൻസ്, നെൽവയൽ സംരക്ഷണ നിയമം എന്നിവ ഉൾപ്പെടെയുള്ള വ്യവസ്ഥകളെ പ്രതികൂലമായി ബാധിക്കാത്ത അനധികൃത കെട്ടിടങ്ങളെ ചില വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ചു നല്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാനങ്ങളുടെ പദ്ധതിപ്പണം

8 (*128) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. എം. ഹംസ :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിപ്പണം പിൻവലിക്കുന്നതിനായി നിലവിലുള്ള രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇത്തരത്തിലുള്ള തീരുമാനം കൈക്കൊള്ളാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly